ഹദീസ്

നൗഷാദ് ചേനപ്പാടി

# തീവ്രത അരുത്

عَنِ ابنِ مَسْعودٍ - رَضِيَ اللهُ عنه - أَنَّ النَّبِيَّ صلَّى اللهُ عليه وسلَّم قال: هَلَكَ المُتَنَطِّعُونَ قالها ثلاثًا (رواه مسلم: ٢٦٧٠).

**ഇബ്നു മസ്ഊദി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: 'അതിരുകവിഞ്ഞവരായ തീവ്രനില പാടുകാർ നശിച്ചിരിക്കുന്നു.' അവിടുന്ന് ഇത് മൂന്നു തവണ ആവർത്തിച്ചു പറഞ്ഞു (മുസ്‌ലിം (റ) ഉദ്ധരിച്ച ഹദീസ്: 2670).**

ഇബാദത്തിലടക്കം ഏതു കാര്യത്തിലും മധ്യമനില വിട്ട് തീവ്രനിലപാട് സ്വീകരിക്കുന്നവരും പരിധിവിടുന്നവരു മാണ് 'മുതനത്ത്വിഊൻ.' അവർ നശിച്ചു എന്നാണ് നബി(സ) പറഞ്ഞിരിക്കുന്നത്. അതും ആവർത്തിച്ച്, മൂന്നു തവണ. ഒരു കാര്യത്തിന്റെ പ്രാധാന്യവും ഗൗരവവും എടുത്തുകാണിക്കുന്ന തിനു വേണ്ടിയാണ് സാധാരണ അവിടുന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്നത്. നബി(സ) യുടെ ഇബാദത്തുകളെ പ്പറ്റി അന്വേഷിക്കാൻ ആഇശ(റ)യുടെ അടുത്ത് മൂന്നാളുകൾ വന്നതും അവിടുന്ന് അവരെ തിരുത്തിക്കൊണ്ട് മധ്യമ നില പാട് സ്വീകരിക്കാൻ പറഞ്ഞതുമായ സംഭവം പ്രസിദ്ധമാണ ല്ലോ. എന്നുമാത്രമല്ല 'മധ്യമമാർഗത്തിലുള്ള എന്റെ ചര്യയെ സ്വീകരിക്കാത്തവൻ എന്നിൽപെട്ടവനല്ല' എന്ന് അവിടുന്ന് അസന്ദിഗ്ധമായി പറയുകയും ചെയ്തു; അതായത് മുസ്‌ലിം കളിൽപെട്ടവനല്ല എന്ന്. ഈ മുസ്‌ലിം ഉമ്മത്തിനെ ഖുർആൻ വിശേഷിപ്പിക്കുന്നത് ഏതു വിഷയത്തിലും പരിധിവിടാത്ത, നീതിയിൽ നിലകൊള്ളുന്ന, സന്തുലിതമായ മധ്യമ ഉമ്മത്ത്- ഉമ്മത്തൻ വസത്വൻ- എന്നാണ്.

ലോകത്തെ മതങ്ങളും വ്യവസ്ഥിതികളുമൊക്കെ നിങ്ങൾ പഠിച്ചുനോക്കുക. ആത്മീയതയിലോ ഭൗതികതയിലോ അവ അതിരുകവിയുന്നതും തീവ്രത കൈക്കൊള്ളുന്നതും കാണാം. സൂറ: *അൽഹദീദിൽ* ഭൗതികതയിൽ അതിരുകവിഞ്ഞവരെ ഫാസിഖുകൾ എന്നാണ് വിശേഷിപ്പിക്കുന്നത് (16). ആത്മീയ തയിൽ അതിരുവിട്ടവരേയും ഖുർആൻ ഫാസിഖുകൾ എന്ന് വിളിക്കുന്നു (27). സന്യാസവും പൗരോഹിത്യവും ആത്മീയ തയിൽ അതിരുകവിഞ്ഞ് അതിൽ കൂപ്പുകുത്തിയതിന്റെ അന ന്തരഫലമാണല്ലോ. ചില വിഭാഗങ്ങൾ ചില വിഭാഗങ്ങൾക്ക് സലാം പറയാതിരിക്കുന്നതും മടക്കാതിരിക്കുന്നതും വസ് ത്രധാരണത്തിലെയും മറ്റും കടുംപിടിത്തങ്ങളും സകലമാന ബിദ്അത്തുകളും അതിരുകവിയലിന്റെ ബാക്കിപത്രങ്ങളാണ്.

അവർ നശിച്ചിരിക്കുന്നു എന്നാണ് നബി(സ) പഠിപ്പി ക്കുന്നത്. ഓരോ വിശ്വാസിയും സംഘടനയും അതീവ പ്രാ ധാന്യവും ഗൗരവവും ശ്രദ്ധയും കൊടുത്ത് സൂക്ഷിക്കേണ്ട വിഷയമാണിത്. ഏതു വിഷയത്തിലും തീവ്രനിലപാടിനെയും അതിരുകവിച്ചിലിനെയും മനുഷ്യപ്രകൃതി അംഗീകരിക്കുന്നില്ല. ഇതു സംബന്ധമായി നിരവധി ഹദീസുകൾ നബി(സ)യിൽനി ന്ന് ഉദ്ധരിക്കപ്പെടുന്നുണ്ട്. അതിൽ പ്രധാനമായ ഒരു ഹദീസ് കൂടി കാണുക:

عن أبي هريرة رضي الله عنه عن النبي -صلى الله عليه وسلم- قال : إِنَّ الدِّينَ يُسْرٌ، وَلَنْ يُشَادَّ الدِّينَ أَحَدٌ إِلَّا غَلَبَهُ، فَسَدِّدُوا وَقَارِبُوا وَأَبْشِرُوا، وَاسْتَعِينُوا بِالْغَدْوَةِ وَالرَّوْحَةِ وَشَيْءٍ مِنْ الدُّلْجَةِ (رواه البخاري)

അബൂഹുറൈറ(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: 'തീർച്ചയായും ഈ ദീൻ എളുപ്പമാർന്നതാണ്. ഈ ദീൻ അനുഷ്ഠിക്കുന്നതിൽ ആര് കാഠിന്യവും കാർക്കശ്യവും കൈക്കൊണ്ടുവോ അവനെ അതിന്റെ എളുപ്പവും ലാളിത്യ വും അതിജയിക്കുകതന്നെ ചെയ്യും. അതിനാൽ നിങ്ങൾ ഈ ദീനിനെ ഒരു ഏറ്റക്കുറവും ഇല്ലാതെ മധ്യമനിലയിൽ സ്വീകരിക്കുക. അതിന് പൂർണമായും സാധിക്കുന്നില്ലെങ്കിൽ അതിനോടടുത്തു നിൽക്കുന്നത്രയെങ്കിലും അനുഷ്ഠിക്കുക. തികച്ചും പൂർണമായ നിലയിൽ അനുഷ്ഠിക്കാൻ കഴിയാതെ സ്ഥിരമായി കുറഞ്ഞ നിലയിൽ അനുഷ്ഠിച്ചാലും അല്ലാഹു വിങ്കലുള്ള പ്രതിഫലം കുറയില്ല എന്ന കാര്യത്തിൽ നിങ്ങൾ സന്തോഷിച്ചുകൊള്ളുക. രാവിലെയും അസ്തമയശേഷം വി ശ്രമവേളയിലും രാത്രിയുടെ യാമങ്ങളിലും നിങ്ങൾ അവനോട് സഹായം തേടുക' (ഇമാം ബുഖാരി(റ) ഉദ്ധരിച്ച ഹദീസ്: 39).

ഒറ്റവാക്കിൽ അർഥം പ്രതിഫലിപ്പിക്കാൻ സാധിക്കാ ത്തതാണ് ഈ ഹദീസിലെ പദപ്രയോഗങ്ങൾ. അതിനാൽ വ്യാഖ്യാനത്തിന്റെ പിൻബലത്തോടെയുള്ള അർഥമാണ് നൽ കിയിട്ടുള്ളത്. ഈ ദീനിനെ അനുഷ്ഠിക്കുന്നതിൽ മധ്യമവും എളുപ്പമാർന്നതുമായ സമീപനം സ്വീകരിക്കണം എന്നും അ തിനെ അനുഷ്ഠിക്കുന്നതിൽ കാർക്കശ്യവും കാഠിന്യവും കൈക്കൊണ്ടാൽ അതുമായി മുന്നോട്ടുപോകാനാവാതെ ഈ ദീനിന്റെ ലാളിത്യത്തിലേക്കും അതിന്റെ എളുപ്പമാർഗത്തിലേ ക്കും അവന് മടങ്ങേണ്ടിവരും എന്നും ഈ ഹദീസിൽനിന്ന് മനസ്സിലാക്കാം. ●